രീതി മാറ്റി വായ്പകൾ ഭൂമിയുടെ അഭിവൃദ്ധിക്കായിമാത്രമേ കൊടുക്കാവൂ എന്നുള്ള ഒരു സ്കീം ഗവണ്മെൻറിന്റെ മുമ്പാകെ ഉണ്ടോ ;

(ബി) കേരളത്തിന്റെ പ്രത്യേക പരിതസ്ഥിതിയിൽ ഭൂമിയിലുള്ള ചാർജ്ജുകൾക്കുകൂടി കടംവായ്പ കൊടുക്കേണ്ടതാണെന്നുള്ള കാര്യം പരിഗണിക്കുവാൻ ദയവുണ്ടാകുമോ ?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) ഇപ്രകാരം ഒരു പദ്ധതിയും ഗവണ്മെൻറിന്റെ പരിഗണനയിലില്ല. എന്നാൽ കൃഷിക്കാരുടെ കടം വീട്ടുന്നതിലേക്കും കൃഷിഭൂമിയുടെ അഭിവൃദ്ധിക്കുമായിട്ടാണ് ഇപ്പോൾ വായ്പകൾ നൽകിവരുന്നത്. കൃഷിഭൂമിയുടെ അഭിവൃദ്ധിക്കായി നൽകുന്ന വായ്പ താരതമ്യേന കുറവാണ്. ഈ വായ്പയുടെ തോതു വർദ്ധിപ്പിക്കുന്ന കാര്യം ഭൂപണയബാങ്കുകളുടെ പരിഗണനയിലിരിക്കുകയാണ്.

(ബി) കൃഷിക്കാർക്ക് പ്രധാനമായും മുൻകടം വീട്ടുന്നതിനാണ് വായ്പകൾ നൽകിവരുന്നത്.

റൂറൽ വാട്ടർസപ്ലൈ പദ്ധതികൾ.

* 135. [25] ശ്രീ. കെ. എം. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963-64-ൽ സംസ്ഥാനത്ത് എത്ര റൂറൽ വാട്ടർ സപ്ലൈ പദ്ധതികൾ പൂർത്തിയായിട്ടുണ്ട് ; എറണാകുളം കോട്ടയം ജില്ലകളിൽ എത്ര ;

(ബി) കോതമംഗലം മൂവാറ്റുപുഴ എന്നീ ടൗണുകളിൽ ശുദ്ധജല വിതരണം നടത്തുവാനുള്ള സ്കീം എന്ന് ആരംഭിക്കുമെന്നു പറയാമോ ?

(സി) നാലാം പദ്ധതിക്കാലത്തെങ്കിലും വേനൽകാലത്തു കഠിനമായ ജലക്ഷാമം അനുഭവിക്കുന്ന ടൗണുകൾക്കും ഗ്രാമങ്ങൾക്കും ശുദ്ധജല വിതരണം നടത്തുവാൻ വേണ്ട നടപടികളെടുക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 20, എറണാകുളം ജില്ലയിൽ 4 (നാലും) കോട്ടയം ജില്ലയിൽ 1, (ഒന്നും) പദ്ധതികൾ പൂർത്തിയായിട്ടുണ്ട്.

(ബി) കോതമംഗലം പദ്ധതിക്ക് സംസ്ഥാന വാട്ടർസപ്ലൈ ബോർഡിന്റെയും മൂവാറ്റുപുഴ പദ്ധതിക്ക് കേന്ദ്രഗവണ്മെൻറിന്റെയും അംഗീകാരം ലഭിച്ചുകഴിഞ്ഞതിനുശേഷമേ ഈ പദ്ധതികൾ എന്ന് ആരംഭിക്കുമെന്നു പറയുവാൻ സാധിക്കുകയുള്ളൂ.

(സി) നാലാം പദ്ധതിയുടെ അവസാനം ആകുമ്പോഴേക്കും നഗരങ്ങളിലേയും ഗ്രാമപ്രദേശങ്ങളിലേയും ശുദ്ധജലക്ഷാമം ഏറെക്കുറെ പരിഹരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

ആയുർവ്വേദ ആശുപത്രികൾ.

* 136. [27] ശ്രീ. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാം പദ്ധതിക്കാലത്തു തുറക്കുവാനുദ്ദേശിക്കുന്ന ആയുർവ്വേദ ആശുപത്രികൾ എത്ര ;

(ബി) 1962-63-ൽ തുറന്ന ആശുപത്രികൾ എത്ര ;

(സി) 1963-64-ൽ തുറക്കുവാനുദ്ദേശിക്കുന്ന ആശുപത്രികൾ എത്ര ?

LIBRARY ARCHIVES Kerala Legislative Assembly